# 'മാണിക്ക'നും
# മറ്റു പ്രധാന കഥകളും
## ലളിതാംബിക അന്തർജ്ജനം

"സാഹിത്യവും കുടുംബജീവിതവും തമ്മിൽ എങ്ങനെ മത്സരമില്ലാതെവരും? രണ്ടും പൂർണ്ണമായ ആത്മസമർപ്പണം ആവശ്യപ്പെടുന്നു. ഭർത്താവിന്റെയും കുട്ടികളുടെയും കുടുംബവലയത്തിൽപ്പെട്ട മറ്റെല്ലാവരുടെയും യോഗക്ഷേമങ്ങൾ ഒരു ഗൃഹിണി നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണല്ലോ. കൂടാതെ അടുക്കള, പശുക്കൾ, പരിചാരകർ — കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച അമ്മയുടെ കൈയിലല്ലേ?... മറുഭാഗത്ത് കലയോ? നിരന്തരമായ വായനയും മനനവും സാധനയും നിരീക്ഷണവും പരിശീലനവും അതിനാവശ്യമായുണ്ട്. ഏകാഗ്രത, സമയം, പരിശോധനയ്ക്കും തിരുത്തലിനുമുള്ള സാവകാശം, ഋഷിതുല്യമായ ധ്യാനനിലീനത – ഇങ്ങനെയെന്തെല്ലാം നല്ല കലാസൃഷ്ടികളുടെ രചനയ്ക്കുണ്ടാകണം? അപ്പോൾ കർത്തവ്യബോധമുള്ള ഒരു കേരളീയ കർഷക കുടുംബിനിക്ക് എത്ര പ്രയാസമുണ്ടെന്നാലോചിക്കുക. ഒരു സത്യം പറയട്ടെ, ഞാനിന്നോളം രാത്രിയിലേ വല്ലതും എഴുതിയിട്ടുള്ളൂ. രണ്ടു കുട്ടികളെ തൊട്ടിലിലിട്ടാട്ടിക്കൊണ്ട് ചുവട്ടിലിരുന്ന് എഴുതിയിട്ടുണ്ട്. അടുക്കളപ്പടിമേൽവെച്ച് കവിത കുറിക്കാറുണ്ട്. കഥ അങ്ങനെ പറ്റില്ല. രാത്രി പത്തുമണി കഴിഞ്ഞ് സമസ്ത ജീവജാലങ്ങളും ഉറങ്ങുന്ന സമയം ഉണർന്നിരുന്ന് ഞാൻ എഴുതും – പലപ്പോഴും നേരം വെളുക്കുന്നതുവരെ. അതാണെന്നെ രോഗിണിയാക്കിയതെന്നു പറയുന്നു..."

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡിസിബുക്സ്
www.dcbooks.com
കഥ

ISBN 81-264-0563-5
9 788126 405633 00009
E-book available
₹ 95

ലളിതാംബിക അന്തർജ്ജനം • 'മാണിക്ക'നും മറ്റു പ്രധാന കഥകളും
ഡിസിബുക്സ്

8M3.01 LAL/M
772



8M3.01 LAL/M
CASMTVK
772

# ലളിതാംബിക അന്തർജ്ജനം

# 'മാണിക്ക'നും
# മറ്റു പ്രധാന
# കഥകളും

| നവോത്ഥാനകഥകൾ |

dcb

772

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 772 Call No.

This book should be returned on or before the date last given below.

8M3.01 LAL/M
CASMTVK
772

**ലളിതാംബിക അന്തർജ്ജനം** (1909–1987)
കൊല്ലം ജില്ലയിൽ കൊട്ടാരക്കരയ്ക്കടുത്ത് കോട്ടവട്ടത്ത് 1909 മാർച്ച് 30–ന് ജനിച്ചു. അച്ഛൻ: ശ്രീമൂലം പ്രജാസഭാ മെമ്പറായിരുന്ന കോട്ടവട്ടത്ത് ഇല്ലത്ത് കെ. ദാമോദരൻപോറ്റി. അമ്മ: നങ്ങയ്യ അന്തർജ്ജനം. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. വീട്ടിലിരുന്ന് ഗുരുക്കന്മാരുടെ അടുത്തുനിന്ന് സംസ്കൃതവും മലയാളവും പഠിച്ചു. ഇംഗ്ലീഷിലും ഹിന്ദിയിലും പരിജ്ഞാനം നേടി. പുനലൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന *ശാരദ* മാസികയുടെ 1923 സെപ്തംബർ ലക്കത്തിൽ വന്ന 'അഭിനവ പാർത്ഥസാരഥി' എന്ന മഹാത്മാഗാന്ധിയെക്കുറിച്ചുള്ള ലേഖനമാണ് അന്തർജ്ജനത്തിന്റെ ആദ്യത്തെ പ്രകാശിതരചന. ആദ്യത്തെ ചെറുകഥ *മലയാളരാജ്യ*ത്തിൽ പ്രസിദ്ധപ്പെടുത്തിയ 'യാത്രാവസാനം.' 1927–ൽ മീനച്ചിൽ താലൂക്കിൽ രാമപുരത്ത് അമനകര ഇല്ലത്ത് നാരായണൻ നമ്പൂതിരി ലളിതാംബിക അന്തർജ്ജനത്തെ വിവാഹം കഴിച്ചു. പ്രശസ്ത കഥാകൃത്ത് എൻ. മോഹനൻ ഉൾപ്പെടെ ഏഴു മക്കൾ. തിരുവിതാംകൂർഭാഗത്ത് നമ്പൂതിരി സമുദായത്തിൽ നടന്ന പരിഷ്കരണ പരിപാടികളിൽ ആദ്യകാലത്ത് അന്തർജ്ജനവും പങ്കെടുത്തിരുന്നു.

കേരള സാഹിത്യ അക്കാദമിയുടെ നിർവ്വാഹകസമിതി അംഗവും വൈസ് പ്രസിഡന്റുമായിരുന്നു. കുറച്ചുകാലം ആക്ടിങ് പ്രസിഡന്റായും പ്രവർത്തിച്ചു. സാഹിത്യ പ്രവർത്തക സഹകരണ സംഘം ഡയറക്ടർ ബോർഡ് അംഗമായിരുന്നു. 1973–ൽ *സീതമുതൽ സത്യവതിവരെ* എന്ന പഠനഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. *അഗ്നിസാക്ഷി* എന്ന ഏക നോവലിന് 1977–ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ സമ്മാനം, ആദ്യത്തെ വയലാർ അവാർഡ് എന്നിവയെല്ലാം ലഭിച്ചു. 1987 ഫെബ്രുവരി ആറിന് അന്തർജ്ജനം അന്തരിച്ചു.

**ലളിതാംബിക അന്തർജ്ജനത്തിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*കഥ*
'മാണിക്ക'നും മറ്റു പ്രധാന കഥകളും
ലളിതാംബിക അന്തർജ്ജനത്തിന്റെകഥകൾ സമ്പൂർണ്ണം

*നോവൽ*
അഗ്നിസാക്ഷി

*ബാലസാഹിത്യം*
ഗോസായി പറഞ്ഞ കഥ
തേൻതുള്ളികൾ

*പഠനം*
സീത മുതൽ സത്യവതി വരെ

*ആത്മകഥ*
ആത്മകഥയ്ക്ക് ഒരാമുഖം

ലളിതാംബിക അന്തർജ്ജനം

# 'മാണിക്ക'നും മറ്റു പ്രധാന കഥകളും

എഡിറ്റർ
ഡോ. കെ. എസ്. രവികുമാർ

ഡി സി ബുക്സ്

College Of Avian Sciences & Management
LIBRARY

MALAYALAM LANGUAGE
'Mānikka'num Mattu Pradhāna Kathakalum

LITERATURE/FICTION
*by* Lalithambika Antharjanam

Rights Reserved

First Published May 2003
9th Impression January 2015

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Lalithambika Antharjanam.
Manikkanum Mattu pradhana Kathakalum/Lalithambika Antharjanam.
112 p., 21 cm.
ISBN 81-264-0563-5.
1.Malayalam story. I. Title.
8M3.01*-dc 22.
*(This is local variation of DDC number for Malayalam literature: Manikkanum mattu pradhana Kathakalum.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0563-5

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 95.00

872/14-15-Sl.No. 14248-dcb 2600-(9) 2000-2600-02-15-Spb. 18.1-p ns-r (t) ar-d (t)br

# പ്രസാധകക്കുറിപ്പ്

മലയാള കഥാസാഹിത്യത്തിന്റെ നവോത്ഥാന കാലഘട്ടത്തിൽ കഥയുടെ പരിവർത്തനത്തെ രൂപപ്പെടുത്തുകയും കഥാഗതിയെയും കാലത്തെയും വെല്ലുവിളിച്ചുകൊണ്ട് അക്ഷരഗോപുരങ്ങളായി നിലകൊള്ളുകയും ചെയ്യുന്ന എഴുത്തുകാരിൽ പ്രധാനികളായ പത്തു പേരുടെ കഥകളാണ് 'നവോത്ഥാന കഥാപരമ്പര'യിൽ പ്രസിദ്ധീകരിക്കുന്നത്.

കാരൂർ, ദേവ്, ബഷീർ, അന്തർജനം, പൊൻകുന്നം വർക്കി, കെ. സരസ്വതിയമ്മ, തകഴി, പൊറ്റെക്കാട്ട്, ഉറൂബ്, ടി.കെ.സി. വടുതല തുടങ്ങിയ പ്രമുഖ കഥാകൃത്തുക്കൾ ഒരു പൊതുഭാവുകത്വം പങ്കുവയ്ക്കുകയും സ്വന്തം കഥാലോകങ്ങൾ സൃഷ്ടിക്കുകയും ചെയ്തവരാണ്. ഇവരിൽ പലരുടെയും കഥാസമാഹാരങ്ങൾ ഇന്ന് ലഭ്യമല്ല. ഈ രാജശില്പികളുടെ ചെറുകഥകൾ പുതിയ തലമുറയിലെ കഥാതത്പരർക്കായി അവതരിപ്പിക്കുകയാണ് ഡി.സി. ബുക്സ്.

നമ്പൂതിരി സ്ത്രീയുടെ ആജന്മദുഃഖങ്ങളും കീഴാളജീവിതത്തിന്റെ യാതനകളും പ്രകൃതിയിലെ സൃഷ്ടികളിലെല്ലാം വർത്തിക്കുന്ന സൂക്ഷ്മസാഹോദര്യത്തെക്കുറിച്ചുള്ള ധാരണകളും അന്തർജ്ജനത്തിന്റെ കഥകളിലുൾച്ചേർന്നിരിക്കുന്നു. നവോത്ഥാന കഥാകൃത്തുക്കളിൽ അപ്രധാനമല്ലാത്ത സ്ഥാനത്തു നിലകൊണ്ടു ഈ എഴുത്തുകാരിയുടെ ഏറ്റവും മികച്ച കഥകളാണ് ഈ സമാഹാരത്തിൽ.

**രവി ഡി സി**

# ലളിതാംബിക അന്തർജ്ജനത്തിന്റെ കൈപ്പട

## രാമപുരത്തുവാര്യരെക്കുറിച്ച്

[illegible]

# ആമുഖം

മലയാള ചെറുകഥയിൽ 1930കളോടെ രൂപപ്പെട്ട ഭാവുകത്വപരമായ നവീകരണത്തിന്റെ മുന്നണിയിൽ നിന്ന കഥാകൃത്താണ് ലളിതാംബിക അന്തർജ്ജനം. ചെറുകഥാരംഗത്ത്—അല്ല, മലയാള സാഹിത്യത്തിൽ ആകെത്തന്നെ—ശ്രദ്ധേയമായി ഉയർന്നുകേട്ട ആദ്യ സ്ത്രീസ്വരം അവരുടേതാണ്. അതിനുമുമ്പും മലയാളത്തിൽ സാഹിത്യകാരികൾ ഉണ്ടായിരുന്നു. എന്നാൽ സ്ത്രീയുടെ സ്വത്വസാന്നിദ്ധ്യം ആദ്യം പ്രകടമായത് അന്തർജ്ജനത്തിന്റെ ചെറുകഥകളിലാണ്. അന്നോളം അടുക്കളയുടെ ഇരുളിൽ കഴിയേണ്ടിവന്ന നമ്പൂതിരിസ്ത്രീകളിൽനിന്ന് സാഹിത്യത്തിന്റെ പൊതുമണ്ഡലത്തിലേക്ക് കടന്നുവന്ന ആദ്യപ്രതിനിധിയാണവർ.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമപാദം കഴിയുന്നതോടെ കേരളത്തിൽ സജീവമായ നവോത്ഥാനാന്തരീക്ഷത്തിലാണ് വി.ടി. ഭട്ടതിരിപ്പാടും കൂട്ടരും നമ്പൂതിരിസമുദായത്തിലെ ആചാരജീർണ്ണതയുടെ ബലിയാടുകളായ അന്തർജ്ജനങ്ങളുടെ ദുരന്തത്തെ കഥയിലൂടെയും നാടകങ്ങളിലൂടെയും പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്കു കൊണ്ടുവന്നത്. അങ്ങനെ വെളിപ്പെട്ട ജീവിതാവസ്ഥയെ സ്ത്രീയെന്ന നിലയിൽ ലഭിച്ച നേരിട്ടുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ തീക്ഷ്ണതയോടെ ലളിതാംബിക അന്തർജ്ജനം ആവിഷ്കരിച്ചു. ആ ചെറുകഥകളിൽ ഒരു പ്രത്യേക സമുദായാവസ്ഥയുടെ ദുഃസ്ഥിതി മാത്രമല്ല മൂർത്തമായത്; അതിന്റെ ട്രാജഡി മുഴുവൻ കേന്ദ്രീകരിച്ചു നില്ക്കുന്ന സ്ത്രീജീവിതംകൂടിയാണ്. അവയിൽ മലയാളത്തിലെ സ്ത്രീവാദകഥകളുടെ ആദ്യമുഖങ്ങൾ തെളിയുന്നു. തൊട്ടുപിന്നാലെ രംഗപ്രവേശം ചെയ്യുകയും തന്റെ രചനകളെ മുഴുവൻ സ്ത്രീവാദനിലപാടുകളുടെ ആവിഷ്കാരമാക്കിമാറ്റുകയും ചെയ്ത കെ. സരസ്വതിയമ്മയിൽനിന്നു ഭിന്നമായി അന്തർജ്ജനത്തിന്റെ ചെറുകഥയിലെ പ്രമേയങ്ങൾക്ക് വൈവിദ്ധ്യമേറെയുണ്ട്. സാമുദായിക നവോത്ഥാനത്തിൽനിന്ന് സാമൂഹിക പരിവർത്തനത്തിലേക്കും രാഷ്ട്രീയ ജാഗ്രതയിലേക്കും പാരിസ്ഥിതികാവബോധത്തിലേക്കും പ്രമേയങ്ങൾ പടർന്നുചെല്ലുന്നു. നമ്പൂതിരിസ്ത്രീയുടെ ആജന്മദുഃഖങ്ങളും അതിനു കാരണമായ വ്യവസ്ഥിതിയോടുള്ള തീവ്രപ്രതിഷേധവും കീഴാളജീവിതത്തിന്റെ യാതനകളും നിഷ്കളങ്കമായ സ്നേഹാഭിമുഖ്യങ്ങളും ആദ്യകാലത്തെ ചെറുകഥകളിൽ ഹൃദയസ്പർശിയായി അവതരിപ്പിക്കപ്പെട്ടു. സ്വാതന്ത്ര്യസമരകാലത്തെ നിർഭര പ്രതീക്ഷകൾ, വിഭജന

ത്തിന്റെ പേരിലുണ്ടായ മനുഷ്യക്കുരുതിയെ നിനച്ചുള്ള അഗാധസങ്കടം, സ്വാതന്ത്ര്യാനന്തരഘട്ടത്തിലെ സ്വാർത്ഥരാഷ്ട്രീയത്തിന്റെ മനുഷ്യവിരുദ്ധതയോടുള്ള നിശിതപ്രതിഷേധം എന്നിവയൊക്കെ കഥാരൂപമാർജ്ജിച്ചു. ആചാരബദ്ധമായ പഴയജീവിതം പൊളിച്ചുമാറ്റാൻ ശ്രമിച്ചവർക്ക് പ്രതീക്ഷിച്ചതിലേറെ വേഗത്തിലുള്ള അതിന്റെ തകർച്ചയും തൽസ്ഥാനത്ത് മൂല്യങ്ങളില്ലാത്ത ഒരു പുതിയ ലോകത്തിന്റെ ഉയർച്ചയും കാണേണ്ടിവന്നു. അതുണർത്തിയ വേദനയും അസ്വാസ്ഥ്യവും അന്തർജ്ജനത്തിന്റെ ചില മികച്ച രചനകളുടെ അന്തർവീര്യമാണ്. അതിലെല്ലാം സ്ത്രീമനസ്സിന്റെ ആർദ്രസ്പർശം അടിസ്ഥാനഘടകമായി വർത്തിക്കുകയും ചെയ്യുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ലളിതാംബിക അന്തർജ്ജനത്തിന്റെ ചെറുകഥകളിലെ അഗാധശ്രുതിയാകുന്നു. മനുഷ്യലോകം മാത്രമല്ല ജന്തുലോകവും അവരുടെ കഥകൾക്കു വിഷയമായിട്ടുണ്ട്. പ്രകൃതിയിലെ സൃഷ്ടികളിലെല്ലാം വർത്തിക്കുന്ന സൂക്ഷ്മസാഹോദര്യത്തെക്കുറിച്ചുള്ള ധാരണകൾ അവയിലുണ്ട്. ഇത് പാരിസ്ഥിതികാവബോധത്തിന്റെ ഒരു മുഖമാകുന്നു. നവോത്ഥാനകഥകളുടെ നട്ടെല്ലായിരുന്ന മനുഷ്യകേന്ദ്രിത സമീപനത്തിൽനിന്ന് രചനയുടെ ഊന്നൽ പ്രകൃതികേന്ദ്രിത വീക്ഷണത്തിലേക്ക് മാറുന്നതിന്റെ സൂചകമാണിത്.

ചെറുകഥ എന്ന സാഹിത്യരൂപത്തെക്കുറിച്ചുള്ള സ്ഥാപിതധാരണകളെ അതിവർത്തിക്കുന്ന പ്രമേയങ്ങളും രൂപഘടനകളും അന്തർജ്ജനം ചെറുകഥകളിൽ സാക്ഷാത്കരിച്ചിട്ടുണ്ട്. സംഭവപ്രധാനമല്ലാത്ത ഭാവനിർഭര മുഹൂർത്തങ്ങളും പുരാണേതിവൃത്തങ്ങളിലെ അനാവൃത സാദ്ധ്യതകളും പ്രകൃതിയുടെ ഭാവവൈചിത്ര്യങ്ങളുമൊക്കെ കഥാവിഷയമാകുന്നുണ്ട്. അത്തരം രചനകൾ യഥാതഥത്വത്തെ അതിവർത്തിക്കുന്ന, ഭാവഗീതങ്ങളുടെ ചാരുതയുള്ള ധ്യാനാത്മകശില്പങ്ങളാണ്. കവിയായി രംഗപ്രവേശം ചെയ്യുകയും സാഹിത്യജീവിതത്തിലുടനീളം കാവ്യരചന കൈവിടാതിരിക്കുകയും ചെയ്ത ലളിതാംബിക അന്തർജ്ജനത്തിന്റെ മികച്ച ചെറുകഥകളെല്ലാം ഗദ്യത്തിലുള്ള കാവ്യഭാഷണങ്ങളാണ്.

ദീർഘവും സഫലവുമായ സാഹിത്യജീവിതമായിരുന്നു അന്തർജ്ജനത്തിന്റേത്. കവിതയും നോവലും അതിന്റെ അതിരുകൾ കുറിക്കുന്നു. എങ്കിലും സ്നേഹാർദ്രവും മാതൃഭാവനിർഭരവുമായ അവരുടെ സർഗ്ഗാത്മകതയുടെ നിത്യസ്മാരകങ്ങൾ അഗാധമായ ജീവിതാഭിരതിയും സാന്ദ്രമായ ശില്പഭംഗിയും സമന്വയിക്കുന്ന ചെറുകഥകളാണ്.

**ഡോ. കെ.എസ്. രവികുമാർ**

## 'ഉള്ളടക്കം


| | |
|---|---|
| മാണിക്കൻ | 13 |
| മൂടുപടത്തിൽ | 26 |
| പ്രതികാരദേവത | 38 |
| പേക്കിനാവ് | 49 |
| പഞ്ചാരയുമ്മ | 58 |
| ദേവിയും ആരാധകനും | 62 |
| മനുഷ്യപുത്രി | 71 |
| കൊടുങ്കാറ്റിൽപ്പെട്ട ഒരില | 78 |
| പതിത | 87 |
| ധീരേന്ദു മജുംദാരുടെ അമ്മ | 91 |
| ഗാന്ധിജിക്കു ശേഷം | 98 |
| പവിത്രമോതിരം | 105 |